**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2516** — **23-02-2026 - ൽ മറുപടിയ്ക്ക്**

**വ്യവസായ പാർക്കുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സി. എച്ച്. കുഞ്ഞമ്പു** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കാസർഗോഡ് ജില്ലയിൽ പുതുതായി വ്യവസായ പാർക്കുകൾ ആരംഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (എ) | ആരംഭിച്ചിട്ടുണ്ട്.<br><br>കാസർഗോഡ് ജില്ലയിൽ വ്യവസായ വാണിജ്യ ഡയറക്ടറുടെ ഉടമസ്ഥതയിലുള്ള മടിക്കൈ വ്യവസായ പാർക്ക് പ്രവർത്തനം തുടങ്ങി. 3 സ്വകാര്യ വ്യവസായ പാർക്കുകൾ തുടങ്ങുന്നതിനും അനുമതി നൽകിയിട്ടുണ്ട്.<br><br>സീതാംഗോളിയിലെ കിൻഫ്ര സ്മാൾ ഇൻഡസ്ട്രീസ് പാർക്കിന് സമീപമായി ജംങ്ക് യാർഡ് നിർമ്മിക്കുന്നതിനായി 21.07 ഏക്കർ സ്ഥലം കിൻഫ്ര ഏറ്റെടുത്തിട്ടുണ്ട്. |
| (ബി) | എങ്കിൽ ഈ പാർക്കുകളുടെ നിലവിലെ പ്രവർത്തന പുരോഗതി വ്യക്തമാക്കാമോ; | (ബി) | മടിക്കൈ വ്യവസായ പാർക്കിൽ ചുറ്റുമതിൽ, അപ്രോച്ച് റോഡ്, ആന്തരിക റോഡ് എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. സബ്സ്റ്റേഷൻ നിർമ്മാണം, ഭൂമി നിരപ്പാക്കൽ എന്നിവയുടെ നടപടികളും നടന്നു വരുന്നു.<br><br>ജംങ്ക് യാർഡ് നിർമ്മിക്കുന്നതിനായി കിൻഫ്ര ഏറ്റെടുത്ത സ്ഥലത്ത് റോഡ്, ചുറ്റുമതിൽ എന്നിവയുടെ നിർമ്മാണം പുരോഗമിക്കുന്നു.<br><br>കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന് നെല്ലിക്കുന്നിൽ 1.99 ഏക്കർ ഭൂമിയുണ്ട്. ഇവിടെ ഒരു സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി നിർമ്മിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. |
| (സി) | ജില്ലയിൽ പുതുതായി വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് വ്യവസായ പാർക്കുകളിൽ സ്ഥലം ലഭ്യമാണോ എന്ന് വ്യക്തമാക്കാമോ? | (സി) | വ്യവസായ വാണിജ്യ ഡയറക്ടറുടെ അധീനതയിലുള്ള വ്യവസായ പാർക്കുകളിൽ നിലവിൽ ഭൂമി ഒഴിവില്ല. കിൻഫ്രയുടെ സീതാംഗോളിയിലെ ജങ്ക് യാർഡ് നിർമ്മാണ സ്ഥലത്ത് ഭൂമി ലഭ്യമാണ്.<br><br>സിഡ്കോയുടെ കാസർഗോഡ് വ്യവസായ എസ്റ്റേറ്റിൽ 87 സെന്റ് ഭൂമി ഒഴിവുണ്ട്. |

സെക്ഷൻ ഓഫീസർ